# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആയഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി7/422/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 08/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആയഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി7/422/2022 തീയ്യതി: 08/03/2022

## കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 23-02-2022 | 02-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-02-2022 | 02-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ഗിരീശൻ പാറപ്പൊയിൽ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ജയകുമാർ പാലോളി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
രാജീവൻ എൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ജാസിർ സി.എം,ഓഡിറ്റർ,
ശ്രീജിത് കെ.വി,ഓഡിറ്റർ,

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.രാജീവ് | സെക്രട്ടറി | 01-04-2019 | 22-07-2019 |
| ശ്രീ.ഒ.പി രാധാകൃഷ്ണൻ | സെക്രട്ടറി | 23-07-2019 | 28-02-2020 |
| ശ്രീ.അനീഷ്കുമാർ ടി.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-02-2020 | 31-03-2020 |
| ശ്രീമതി എം.എം നഷീദ | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രഗിന കെ.ജി | അസി.എഞ്ചിനീയർ | 01-04-2019 | 25-07-2019 |
| ശ്രീ.കൃഷ്ണൻകുട്ടി പി.എം | അസി.എഞ്ചിനീയർ | 26-07-2019 | 31-07-2019 |
| ശ്രീമതി നീതു ബാലകൃഷ്ണൻ | അസി.എഞ്ചിനീയർ | 01-08-2019 | 07-08-2019 |
| ശ്രീമതി നിമ്മി ഷാജി | അസി.എഞ്ചിനീയർ | 08-08-2019 | 31-03-2020 |
| ശ്രീമതി ആതിര | കൃഷി ഓഫീസർ | 01-04-2019 | 24-11-2019 |
| ശ്രീമതി അനില എം.എ | കൃഷി ഓഫീസർ | 25-11-2019 | 25-12-2019 |
| ശ്രീമതി വിജയലക്ഷ്മി സി എച്ച് | കൃഷി ഓഫീസർ | 26-12-2019 | 31-03-2020 |
| ശ്രീ ഷൈലേഷ് കുമാർ എം | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ ദിദീഷ് | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ഡോ.വിജിത് | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | (പി.എച്ച്.സി) | | |
| ഡോ.രാഖി എൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ. പി കെ വേണുഗോപാൽ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ.ശ്രീനേഷ് എസ് | വെറ്ററിനറി സർജൻ | 01-04-2019 | 16-09-2019 |
| ഡോ.ലിനൂപ് | വെറ്ററിനറി സർജൻ | 17-09-2019 | 31-03-2020 |
| ശ്രീമതി സുജല ടി കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സജ്ന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.ശ്രീനേഷ് എസ് | വെറ്ററിനറി സർജൻ | 01-04-2019 | 16-09-2019 |
| ഡോ.ലിനൂപ് | വെറ്ററിനറി സർജൻ | 17-09-2019 | 31-03-2020 |
| ശ്രീമതി സുജല ടി കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സജ്ന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കിയതിൽ അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-1 |
| 2 | മുൻ വർഷത്തെ യഥാർത്ഥ മുന്നിരിപ്പ് കാണാതെ ബജറ്റ് തയ്യാറാക്കി<br>Written By: Gireeshan Parappoyil (Audit Officer (HG), On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-1-1 |
| 3 | തനത് ഫണ്ട്- വരുമാനത്തേക്കാൾ കൂടിയ തുക ചെലവിനും നീക്കിയിരിപ്പിനും വകയിരുത്തി<br>Written By: Gireeshan Parappoyil (Audit Officer (HG), On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-1-2 |
| 4 | തനത് ഫണ്ട്- ബജറ്റ് പ്രൊവിഷനും വാർഷിക പദ്ധതി വകയിരുത്തലും പൊരുത്തപ്പെടുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-1-3 |
| 5 | NREGSആക്ഷൻ പ്ലാൻ തുകയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-1-4 |
| 6 | വാർഷിക പദ്ധതി അടങ്കൽ തുകയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-1-5 |
| 7 | റവന്യൂ വരവ് ചെലവുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപടിക്രമമനുസരിച്ചല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-1-6 |
| 8 | എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-1-7 |
| 9 | വാർഷികധനകാര്യപത്രിക<br>Written By: Jasir C M (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 1-2 |
| 10 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-2-1 |
| 11 | സാമ്പത്തിക വിശകലനം(റസീറ്റ് &പേയ്മെന്റ് പ്രകാരം)<br>Written By: Jasir C M (Auditor, On 03-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം<br>Written By: Jasir C M (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-4 |
| 13 | വാർഷിക പദ്ധതി - ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-5 |
| 14 | വാണിജ്യാവശ്യത്തിന് ഒക്യുപൻസി അനുവദിച്ച കെട്ടിടം ആരാധനാലയമായി ഉപയോഗിക്കുന്നു.<br>Written By: Srijith K.V (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-6 |
| 15 | മതിയായ പാർക്കിംഗ് ഇല്ലാത്ത കെട്ടിടങ്ങൾക്ക് പെർമിറ്റ്/ഒക്യുപൻസി | 1-7 |

| | | |
|---|---|---|
| | അനുവദിച്ചു.<br>Written By: Srijith K.V (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | |
| 16 | അപാകതകൾ നിലനിൽക്കെ കെട്ടിടത്തിന് നിർമ്മാണ അനുമതി നൽകി.<br>Written By: Srijith K.V (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-8 |
| 17 | അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം- അപേക്ഷയിൽ പ്രാഥമിക പരിശോധന നടത്തിയില്ല.<br>Written By: Srijith K.V (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-9 |
| 18 | തൊഴിൽ നികുതി -അപാകതകൾ<br>Written By: Srijith K.V (Auditor, On 03-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-10 |
| 19 | സംരംഭക ലൈസൻസ് -മുൻവർഷങ്ങളിലെ അപാകതകൾ ആവർത്തിക്കുന്നു.<br>Written By: Jasir C M (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-11 |
| 20 | അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങളില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 03-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-12 |
| 21 | കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം - ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.<br>Written By: N. Rajeevan (Senior Grade Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-13 |
| 22 | സെക്രട്ടറിയുടെ പദ്ധതികൾ- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Srijith K.V (Auditor, On 03-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-14 |
| 23 | പഞ്ചായത്ത് ഓഫീസ് കുടിവെള്ളംലഭ്യമാക്കൽ പദ്ധതി -നാളിതുവരെയായും ലക്ഷ്യം കണ്ടില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 03-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-15 |
| 24 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 03-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-16 |
| 25 | എസ്.എസ്.എ വിഹിതം വകയിരുത്തിയതിൽ കുറവ്<br>Written By: Balakrishnan K.M (Audit Officer (HG), On 03-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-17 |
| 26 | സോൾ ചെയ്യ റോഡുകൾ സമയബന്ധിതമായി ടാർചെയ്യാത്തതിനാൽ പാച്ച് സോളിംഗ് ഇനത്തിൽ അധികചെലവ് വരുന്നു.<br>Written By: Jayakumar Paloli (Asst. Audit Officer, On 03-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-18 |
| 27 | പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസത്തിന് പിഴ ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Jayakumar Paloli (Asst. Audit Officer, On 03-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-19 |
| 28 | ജി.യു.പി.എസ് പറമ്പിൽ - അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 03-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-20 |
| 29 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Jayakumar Paloli (Asst. Audit Officer, On 03-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-21 |

| | | |
|---|---|---|
| 30 | ഹരിത കർമ്മ സേനയുടെ പ്രവർത്തനം - സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച<br>Written By: N. Rajeevan (Senior Grade Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-22 |
| 31 | മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ - പുരുഷന്മാർക്ക് കൂടി നൽകാവുന്ന ആനുകൂല്യങ്ങൾ വനിതകൾക്ക് മാത്രമായി നൽകുന്നു<br>Written By: N. Rajeevan (Senior Grade Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-23 |
| 32 | എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 1-24 |
| 33 | വെറ്റിനററി സബ് സെന്റർ വാടക- തുക അധികം നല്കി<br>Written By: Gireeshan Parappoyil (Audit Officer (HG), On 02-03-2022)<br>Last Updated By: Balakrishnan K.M (Audit Officer (HG), On 03-03-2022) | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jasir C M (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jasir C M (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: Jasir C M (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jasir C M (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasir C M (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 4-7 |
| 8 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jasir C M (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Balakrishnan K.M (Audit Officer (HG), On 04-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 04-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jasir C M (Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 08-03-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ് തയ്യാറാക്കിയതിൽ അപാകതകൾ

25.2.19 ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ച സ്ഥാപനത്തിന്റെ വാർഷിക ബജറ്റ് പ്രകാരം ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ 156427989/-രൂപയാണ്. ആകെ ചെലവ് 148125433/-രൂപയും നീക്കിയിരിപ്പ് 8302556/-രൂപയുമാണ്. ബജറ്റ് തയ്യാറാക്കിയതി ലും പരിപാലിച്ചതിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് ബജറ്റ് രേഖകളും മറ്റ് പ്രസക്തമായ വിവരങ്ങളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

### 1-1-1 മുൻ വർഷത്തെ യഥാർത്ഥ മുന്നിരിപ്പ് കാണാതെ ബജറ്റ് തയ്യാറാക്കി

ഏതൊരു വർഷത്തേയും ബജറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കേണ്ടത് ബജറ്റ് തയ്യാറാക്കുന്ന വർഷത്തിന് മുമ്പുള്ള വർഷത്തെ യഥാർത്ഥ വരവ് ചെലവ് കണക്കുകളെ അടിസ്ഥാനമാക്കിയാണ്. ഇത് പ്രകാരം ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കാൻ അടിസ്ഥാനമാക്കേണ്ടത് 2017-18 വർഷത്തെ കണക്കുകളാണെന്ന് കാണാം. ബജറ്റ് പരിശോധിച്ചതിൽ 2017-18 വർഷത്തെ മുന്നിരിപ്പായി സ്വീകരിച്ചിരിക്കുന്നത് 11334177/-രൂപയാണെന്ന് കാണുന്നു. എന്നാൽ 2016-17 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ യഥാർത്ഥ നീക്കിയിരിപ്പ് (ഇതുതന്നെയാണ് 2017-18 വർഷത്തെ മുന്നിരിപ്പ്) താഴെ പറയും പ്രകാരം 15595900/-ആണെന്ന് കാണുന്നു.

B 15+B17 = 22929445-

B2+B4+B7+B9 = 7333545

15595900

മേല്പറഞ്ഞതിൽ നിന്നും യഥാർത്ഥ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയല്ല ബജറ്റ് തയ്യാറാക്കിയതെന്നും ഇത് കൊണ്ട് തന്നെ അത് വസ്തുതാപരമല്ലെന്നും കാണാം.

### 1-1-2 തനത് ഫണ്ട്- വരുമാനത്തേക്കാൾ കൂടിയ തുക ചെലവിനും നീക്കിയിരിപ്പിനും വകയിരുത്തി

മുന്നിരിപ്പ് ഉൾപ്പെടെ ഓഡിറ്റ് വർഷം ബജറ്റിൽ പ്രതീക്ഷിച്ച തനത് വരുമാനം 18418489/-രൂപയായിരുന്നു. ഇതിൽ നിന്നും അനിവാര്യ ചുമതലകൾക്കുള്ള പ്രതീക്ഷിത റവന്യൂചെലവായ 13124000/-രൂപയും പ്രതീക്ഷിത നീക്കിയിരിപ്പായ 8302556/-രൂപയും കഴിച്ച് കിട്ടുന്ന തുക (-)3008067/-രൂപയാണ്. അതായത് (-)3008067/-രൂപയുടെ റവന്യൂ ചെലവ് വഹിക്കേണ്ടി വരിക സർക്കാർ ഗ്രാന്റുകളിൽ നിന്നാണെന്ന് കാണാം. സർക്കാർ ഗ്രാന്റുകളിൽ നിന്നും റവന്യൂ ചെലവ് വഹിക്കാൻ കഴിയില്ലെന്നിരിക്കെ, ഇപ്രകാരം വകയിരുത്തലുകൾ നടത്തിയതെന്തു കൊണ്ടെന്ന് വ്യക്തമാക്കേണ്ടതുണ്ട്.

### 1-1-3 തനത് ഫണ്ട്- ബജറ്റ് പ്രൊവിഷനും വാർഷിക പദ്ധതി വകയിരുത്തലും പൊരുത്തപ്പെടുന്നില്ല

ഭരണസമിതി അംഗീകാരം നല്കിയ വാർഷിക പദ്ധതിയിൽ 7284900/-രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. വരവിനേക്കാൾ 30 ലക്ഷത്തോളം ചെലവും നീക്കിയിരിപ്പും കൂടിയിരിക്കെ, ഇപ്രകാരം തുക വകയിരുത്തിയത് ബജറ്റ് പ്രൊവിഷനില്ലാ തെയാണെന്ന് വ്യക്തമാണ്. അന്തിമ ചെലവ് പത്രിക പ്രകാരം വർഷാവസാനം തനത് ഫണ്ട് വകയിരുത്തൽ 13277415/- രൂപയായി വർദ്ധിപ്പിച്ചെങ്കിലും 11455414/-രൂപയുടെ പ്രൊവിഷൻ മാത്രമാണ് പുതുക്കിയ ബജറ്റ് പ്രകാരമുള്ളത്. ഒരു ഘട്ടത്തിലും തനത് ഫണ്ടിന്റെ ബജറ്റ് പ്രൊവിഷൻ വാർഷിക പദ്ധതി വകയിരുത്തലിനെ ഉൾക്കൊണ്ടില്ലെന്ന് ഇത് വ്യക്തമാക്കുന്നു.

1-1-4 NREGSആക്ഷൻ പ്ലാൻ തുകയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

സ്ഥാപനത്തിന്റെ NREGS ആക്ഷൻ പ്ലാൻ ബജറ്റിന് മുമ്പേ അംഗീകരിച്ചിട്ടുണ്ടെങ്കിലും ആക്ഷൻ പ്ലാൻ അടങ്കലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല . 3 കോടി രൂപയുടെ പ്ലാനാണ് അംഗീകരിച്ചതെങ്കിലും 3.32കോടിയുടെ പ്രൊവിഷൻ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യത്യാസം വരുന്ന തുകയ്ക്ക് ഏത് പ്രവൃത്തിയാണ് ഉദ്ദേശിച്ചതെന്ന് ബജറ്റ് വ്യക്തമാക്കുന്നില്ലെന്ന് കാണാം. കൂടാതെ ആക്ഷൻ പ്ലാൻ പ്രകാരം 1.2 കോടി രൂപയുടെ പ്രവൃത്തികൾ മെറ്റീരിയൽ വർക്കുകളും 1.8 കോടിയുടേത് ലേബർ അടിസ്ഥാനപ്പെടുത്തിയുള്ളതുമായിരുന്നു. എന്നാൽ ബജറ്റിൽ വകയിരുത്തിയത് യഥാക്രമം 2കോടിയും 1.32 കോടിയുമാണ്.

1-1-5 വാർഷിക പദ്ധതി അടങ്കൽ തുകയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

പ്ലാൻ റവന്യൂ ചെലവുകൾക്കും മൂലധന ചെലവുകൾക്കും ബജറ്റ് ഷെഡ്യൂൾ 9, 12 എന്നിവ പ്രകാരം ആകെ വകയിരുത്തിയ തുക 89351433/-രൂപയാണ് . ഇതിൽ 3 കോടി രൂപ Nregs പദ്ധതി ചെലവുകൾക്കാണ് വകയിരുത്തിയത്. ഈ തുക കുറവുവരുത്തിയാൽ 59351433/-രൂപയാണ് വാർഷിക പദ്ധതി ചെലവുകൾക്ക് വകയിരുത്തിയതെന്ന് കാണാം. എന്നാൽ സ്ഥാപനത്തിന്റെ പദ്ധതി അടങ്കൽ 49088333/-രൂപയുടേത് മാത്രമായിരുന്നു. ബജറ്റിൽ വകയിരുത്തിയ അവശേഷിക്കുന്ന 1.03 കോടി രൂപ കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കപ്പെട്ടില്ല. വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ വാർഷിക പദ്ധതിക്കും Nregs പദ്ധതിക്കുമുള്ള വകയിരുത്തൽ 6.63 കോടിയായി കുറയുകയാണ് ചെയ്തത്. എന്നാൽ സ്ഥാപനത്തിന്റെ അന്തിമ വാർഷിക അടങ്കൽ മാത്രം 8.04 കോടി രൂപയായി ഉയർന്നു.

1-1-6 റവന്യൂ വരവ് ചെലവുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപടിക്രമമനുസരിച്ചല്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, 2.12.2016ലെ ജി. ഒ (ആർ ടി) 3291/2016 എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. മാന്വൽ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്ന് ബജറ്റ് ഫയലിന്റെ അഭാവത്തിൽ വ്യക്തമാകുന്നു.

1-1-7 എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്നു കാണാം.

ബജറ്റുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുടർവർഷങ്ങളിൽ കുറ്റമറ്റ രീതിയിൽ ബജറ്റ് തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 25.11.2020 | | |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.Advance To Beneficiary Committee-convenor എന്ന ശീർഷകത്തിൽ 1171621/- രൂപ ക്രമീകരിക്കുന്നതിന് അവശേഷിക്കുന്നുണ്ട്.

2.Closing Stock-Stores എന്ന ശീർഷകത്തിൽ 38713 രൂപ ബാലൻസായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

3.ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ ബി-7), വിവിധയിനം ഡെപ്പോസിറ്റുകളുടെ ഇനത്തിൽ 1619304/- രൂപ നീക്കിയിരിപ്പുണ്ട്. വിവിധ ഇനങ്ങളിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

4.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5.ബാലൻസ് ഷീറ്റിലെ ബി-9 ഷെഡ്യൂളിൽ വിവിധ സർക്കാർ ഏജൻസികളിലേയ്ക്ക് അടവാക്കുന്നതിനായി ചുവടെ ചേർത്ത പ്രകാരം ബാധ്യത ഇനത്തിൽ നീക്കിയിരിപ്പുണ്ട്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | VAT | 351114/- |
| 2 | കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് | 234334/- |
| 3 | റിവർ മാനേജ്മെന്റ് ഫണ്ട് | 2460/- |
| 4 | ഇൻകം ടാക്സ് -Deducted At Source | 32376/- |

6.ഡിപ്രീസിയേഷൻ നിരക്ക്, ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുർദൈർഘ്യം എന്നിവ നിശ്ചയിക്കാതെയാണ് ആസ്തികളുടെ തേയ്മാനമൂല്യം കണക്കാക്കിയിട്ടുള്ളത്.

7.വസ്തുനികുതി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

8.sale Of Empties &Waste Materials ഇനത്തിൽ 73835/-രൂപ വരവുണ്ട്. എന്നാൽ വരവ് തുകയുമായി ബന്ധപ്പെട്ട ആധികാരികത തെളിയിക്കുന്നതിനാവശ്യമായ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

9.വാർഷിക കണക്ക് B4-Schedule പ്രകാരം ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ചർ ഇനത്തിൽ 845819/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ട്രഷറി സ്പെഷ്യൽ ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ട് പ്രകാരം നീക്കിയിരിപ്പ് തുക 809419/- രൂപയാണ്.

10.Rent From Auditorium &Halls ഇനത്തിൽ 7500/- രൂപ വരവുണ്ട്.ഇതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

11.2019-20 വർഷത്തിൽ ആരംഭിച്ചതും എന്നാൽ പൂർത്തിയാകാത്തതുമായ ആസ്തി നിർമ്മാണ പ്രോജക്ടുകളുണ്ടെങ്കിലും Capital Work In Progress എന്ന ശീർഷകത്തിൽ തുക രേഖപ്പെടുത്തിയിട്ടില്ല.

12.ബിൽഡിംഗ് പെർമിറ്റ് ഫീ ഇനത്തിൽ 127039/- രൂപയും ബിൽഡിംഗ് റെഗുലറൈസേഷൻ ഫീ ഇനത്തിൽ 155753/- രൂപയും വാർഷികകണക്ക് പ്രകാരം വരവുണ്ട്. ഇതുമായി ബന്ധപ്പെട്ട സംക്ഷിപ്തം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം(റസീറ്റ് &പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25371479.8 |
| വരവ് | 54073969 |
| ആകെ | 79445448.8 |
| ചെലവ് | 48528680 |
| നീക്കിയിരിപ്പ് | 30916768.8 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12075273 | 12075273 | 11206345 | 868928 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1825000 | 1825000 | 872995 | 952005 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8982000 | 8982000 | 4414865 | 467135 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3746000 | 3746000 | 2155449 | 1590551 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9614370 | 9614370 | 1536785 | 8077585 |

| | | | | | |
|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 1035924 | 807954 | 1843878 | 1000000 | 843878 |
| ടോട്ടൽ സാനിറ്റേഷൻ ക്യാംപയിൻ | 406530 | 27598 | 434128 | 0 | 434128 |
| എം.പി ഫണ്ട് | 623045 | 19285 | 642330 | 135064 | 507266 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ജലനിധി | 4547474 | 7626625 | 12174099 | 5477293 | 6696806 |
| ഖരമാലിന്യ സംസ്കരണം ഗ്രാന്റ് | 1000000 | 0 | 1000000 | 0 | 1000000 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം.തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1)ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

## 1-5 വാർഷിക പദ്ധതി - ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് |
|---|---|---|---|
| 212 | 80362097 | 88 | 28599794 |

ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

എ) പദ്ധതി നിർവ്വഹണത്തിൽ വീഴ്ച 1.4 കോടി രൂപ സർക്കാർ ഗ്രാന്റിനത്തിൽ നഷ്ടപ്പെട്ടു .

104 പ്രൊജക്ടുകൾ ഉൾപ്പെടുന്ന 4.91 കോടി രൂപ അടങ്കൽ വരുന്ന വാർഷിക പദ്ധതിക്കാണ് 5.12.18ന് ഭരണസമിതി അംഗീകാരം നല്കിയത്. വർഷാവസാനമാകുമ്പോഴേക്കും മേല്പറഞ്ഞ പ്രകാരം 212 പ്രൊജക്ടുകളുള്ള 8.04 കോടി അടങ്കൽ വരുന്ന വാർഷിക പദ്ധതിയായി ഇത് മാറി. വകയിരുത്തിയ തുകയിൽ നിന്നും 2.85 കോടി രൂപ മാത്രമാണ് സ്ഥാപനത്തിന് വിനിയോഗിക്കാനായത്. (ചെലവ് ശതമാനം 35.59) ഇത് മൂലം വകയിരുത്തിയതിൽ അവശേഷിച്ച 5.18 കോടി രൂപ നഷ്ടപ്പെടുകയോ വിനിയോഗിക്കാൻ കഴിയാതെ വരികയോ ചെയ്തു. പ്രധാനമായും സർക്കാരിൽ നിന്നും ലഭിച്ച വിവിധ ഗ്രാന്റിനങ്ങളിലാണ് തുക നഷ്ടമായിരിക്കുന്നത്. താഴെ പറയും പ്രകാരം 14031741/-രൂപ ഇപ്രകാരം നഷ്ടപ്പെട്ടിട്ടുണ്ട്.

| ക്രമനം | ഫണ്ടിനം | വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുക | സ്റ്റേറ്റ് ബജറ്റ് പ്രകാരം അനുവദിച്ച തുക | ചെലവഴിച്ച തുക | നഷ്ടപ്പെട്ട തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 4-5 |
| 1 | പ്ലാൻ ഫണ്ട് | 15402152 | 12576000 | 11706345 | 869655 |
| 2 | എസ്.സി.പി | 2190000 | 1825000 | 872995 | 952005 |
| 3 | സി.എഫ്.സി | 10619420 | 9612000 | 1536785 | 8075215 |

| | | | | | |
|---|---|---|---|---|---|
| 4 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 10778400 | 8982000 | 4414865 | 4567135 |
| 5 | മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 4415040 | 3746000 | 2155449 | 1590551 |
| ആകെ | | 43405012 | 36741000 | 20686439 | 16054561 |

എന്നാൽ 2018-19 വർഷത്തെ ക്യൂ ബിൽ ഇനത്തിൽ 216875/- രൂപ ചെലവഴിച്ചത് ഓഡിറ്റ് വർഷത്തെ ചെലവിൽ പെടുന്നുണ്ട് . കൂടാതെ ഓഡിറ്റ് വർഷത്തെ താഴെ കൊടുത്ത ക്യൂബിൽ തുക 2239695/- രൂപ 2020-21 വർഷത്തിൽ നല്കിയിട്ടുമുണ്ട്.

| ക്രമ നം | ഫണ്ടിനം | ക്യൂ ബിൽ തുക |
|---|---|---|
| 1 | പ്ലാൻ ഫണ്ട് | 563500 |
| 2 | Cfc | 168000 |
| 3 | പ്ലാൻ ഫണ്ട് Scp | 100000 |
| 4 | മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 376016 |
| 4 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 1032179 |
| ആകെ | | 2239695 |

ഇത് പരിഗണിക്കുമ്പോൾ ആകെ നഷ്ടം 14031741/-രൂപയുണ്ടെന്ന് കാണാം( (16054561+ 216875)-2239695) പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി വിനിയോഗിക്കേണ്ട വൻതുക ഇപ്രകാരം നഷ്ടപ്പെടുത്തിയതിന് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർക്കും ഭരണസമിതിക്കും ഒരുപോലെ ഉത്തരവാദിത്വമുണ്ട്. നിർവ്വഹണശേഷിക്ക് ഉപരിയായി വൻതോതിൽ പ്രൊജക്ടുകൾ തയ്യാറാക്കിയതാ ണ് ഇതിൽ പ്രധാനപ്പെട്ടത്. പൊതുമരാമത്ത് മേഖലയിൽ മാത്രം 146 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ 109 എണ്ണത്തിന് തുക വിനിയോഗിച്ചിട്ടില്ലെന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്(ക്യൂബിൽ പരിഗണിക്കാതെ) സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്.

ബി) റോഡ് മെയിന്റനൻസ് പ്ലാനില്ല -റോഡുകൾ നവീകരിക്കുന്നത് ക്രമപ്രകാരമല്ല

ഓഡിറ്റ് വർഷത്തിൽ വിഭാവനം ചെയ്ത റോഡ് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് അറ്റകുറ്റപ്പണികൾക്കുള്ളതാണ്. മെയിന്റനൻസ് ഫണ്ട് ഉൾപ്പടെ വിവിധ ഫണ്ടുകൾ ഇതിനായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ 29.1.2018 ലെ 11/2018 /തസ്വഭവ നമ്പർ ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 6.7ൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാക്രമത്തിലുള്ള ഒരു പ്ലാൻ കസ്റ്റോഡിയൻ ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കിയതാണ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടത്. ഇപ്രകാരമല്ലാതെ മറ്റ് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മെയിന്റനൻസിനായി റോഡുകൾ തെരെഞ്ഞെടുക്കുന്നതെന്ന് കാണാം.

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നത് ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാതിരിക്കാനുള്ള സാധ്യത വെളിവാക്കുന്നു. ആകെ 25അങ്കണവാടികളുള്ളതിൽ സ്വന്തം കെട്ടിടമുള്ളത് 18 എണ്ണത്തിന് മാത്രമാണ്. ഇതിൽ 17എണ്ണത്തിലും കുടിവെള്ള സൗകര്യമില്ല എന്നതും 5 എണ്ണത്തിന് വൈദ്യുതിയില്ലെന്നുള്ളതും ഇവിടെ ശ്രദ്ധേയമാണ്. കൂടാതെ 2 എണ്ണത്തിൽ ടോയ് ലെറ്റ് സൗകര്യവുമില്ല. ആകെ ഒരു സർക്കാർ സ്കൂൾ (പറമ്പിൽ GUPസ്കൂൾ) ഉള്ളതിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതും പ്രത്യേക ഖണ്ഡികയായി ഉൾപ്പെടുത്തിയത് കാണുക.

സി) വികസന സെമിനാറിൽ അവതരിപ്പാക്കാത്ത പദ്ധതികൾ വാർഷിക പദ്ധതിയിൽ പെടുത്തി

ആസൂത്രണമാർഗ്ഗരേഖ പ്രകാരം ഓരോ മേഖലയിലേയും കാലികമാക്കിയ അടിസ്ഥാനവിവരങ്ങൾ അടിസ്ഥാനപ്പെടുത്തി തിരിച്ചറിയുന്ന ആവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ മുന്നോട്ട് വയ്ക്കുകയാണ് ചെയ്യേണ്ടത്. ഈ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അവയുടെ

നിർദ്ദേശങ്ങളോടൊപ്പം അംഗീകാരം വാങ്ങുകയും, നിർദ്ദേങ്ങളിൽ പരിഗണിക്കേണ്ടവ പരിഗണിച്ച് പ്രൊജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അവ കരട് പദ്ധതി നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ വികസന സെമിനാറിൽ അവതരിപ്പിക്കണം . വികസന സെമിനാറിൽ ഉയർന്നു വരുന്ന നിർദ്ദേശങ്ങളിൽ പ്രസക്തമായവ പരിഗണിച്ച്, പ്രൊജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമെങ്കിൽ വീണ്ടും മാറ്റം വരുത്തി, വാർഷിക പദ്ധതി വർക്കിംഗ് ഗ്രൂപ്പുകൾ അന്തിമമാക്കണം. ഇപ്രകാരം അന്തിമമാക്കിയ വാർഷിക പദ്ധതിക്കാണ് ഭരണസമിതി അംഗീകാരം നല്കി ഡി.പി.സി അംഗീകാരം വാങ്ങേണ്ടത്. ഈ നടപടിക്രമങ്ങൾ വിലയിരുത്തുമ്പോൾ, വികസന സെമിനാറിൽ അവതരിപ്പിക്കപ്പെടുന്ന പദ്ധതി നിർദ്ദേങ്ങളല്ലാതെ മറ്റ് പ്രൊജക്ടുകളൊന്നും അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാൻ പാടില്ലെന്ന് കാണാവുന്നതാണ്. ഇതിന് വിപരീതമായി പദ്ധതികൾ ഉൾപ്പെട്ടെങ്കിൽ അവ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ലെന്നും അതുകൊണ്ട് തന്നെ നിയമ പ്രകാരമുള്ളവയെല്ലെന്നും കാണാവുന്നതാണ്. കൂടാതെ ഇത്തരം പദ്ധതികൾ ആവശ്യകത തിരിച്ചറിയപ്പെടാത്തവയും, മുൻഗണനാക്രമം തെറ്റിക്കുന്നതുമാണെന്ന് കാണാവുന്നതാണ്.

സ്ഥാപനത്തിലെ ഓഡിറ്റ് വർഷത്തെ അന്തിമപദ്ധതി ചെലവ് പത്രിക പരിശോധിച്ചതിൽ, എല്ലാ പ്രൊജക്ടുകളും വികസന സെമിനാറിൽ അവതരിപ്പിച്ച കരട് പദ്ധതി നിർദ്ദേശങ്ങളിൽ പെട്ടവയല്ലെന്ന് കാണുന്നു. പശ്ചാത്തല മേഖലയിലെ റോഡ് പ്രൊജക്ടുകൾ മാത്രം പരിഗണിക്കുമ്പോൾ ആകെ 85 പ്രൊജക്ട് നിർദ്ദേശങ്ങൾ കരട് രേഖയിൽ ഉൾപ്പെട്ടെങ്കിലും 57 പുതിയ പ്രൊജക്ടുകൾ മാത്രമാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയത്. ഇതിൽ ഉൾപ്പെട്ട 20 പ്രൊജക്ടുകൾ കരട് പദ്ധതി നിർദ്ദേശങ്ങളിൽ പെട്ടവയല്ലെന്ന് ബോധ്യമായിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ടിനും ആസൂത്രണമാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി മേൽ പ്രൊജക്ടുകൾക്ക് തുക വകയിരുത്തിയതും ചെലവഴിച്ചതും വിശദീകരിക്കപ്പെടേണ്ടതാണ്.

ഡി) സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കിയില്ല

പ്രൊജക്ടുകൾ ആവശ്യകതയും മുൻഗണനയുമനുസരിച്ചുള്ളതാണോയെന്ന് പരിശോധിക്കാൻ ഓഡിറ്റ് വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കാത്തതിൽ കഴിഞ്ഞിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും തുടർ വർഷങ്ങളിൽ ഫണ്ട് നഷ്ടമുൾപ്പെടെയുള്ള വീഴ്ചകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതാണ്. കൂടാതെ തുടർ വർഷങ്ങളിൽ അപാകതകളില്ലാതെ ആസൂത്രണവും നിർവ്വഹണവും നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-6 വാണിജ്യാവശ്യത്തിന് ഒക്യുപൻസി അനുവദിച്ച കെട്ടിടം ആരാധനാലയമായി ഉപയോഗിക്കുന്നു.

ഫയൽ നമ്പർ- 1827/2019, തിയ്യതി. 05.05.2019

15.02.2019 തീയതിയിൽ ചാലപ്രം ജാമിയ ഫലാഹിയ്യ അറബിയ്യ എന്ന സ്ഥാപനത്തിന് വേണ്ടി പ്രസിഡണ്ടെന്ന നിലയിൽ തയ്യിലേടത്ത് മൊയ്തു മുസലിയാർ 174.92 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം ക്രമവത്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും അപേക്ഷയിന്മേൽ 29.04.2019 തീയതിയിൽ കെട്ടിടത്തിന്റെ ഘടന മുൻനിർത്തി കെട്ടിടത്തിന്റെ വിനിയോഗ ഗണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് കെട്ടിട ഉടമക്ക് നോട്ടീസ് അയച്ചിട്ടുണ്ട്. 1827/2019 ഫയൽ നമ്പറായി അപേക്ഷ പുന സമർപ്പിക്കു കയും, അപേക്ഷയിൽ കെട്ടിടത്തിന്റെ വിനിയോഗ ഗണം എഫ് ആണെന്നും കെട്ടിടം വാണിജ്യ ആവശ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയില്ലെന്നും സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. കെട്ടിടം ക്രമവത്കരിച്ച് 4/22C, 4/22D നമ്പറുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സൈറ്റ് പരിശോധന നടത്തി കെട്ടിടത്തിന്റെ നിലവിലെ ഒക്യുപൻസി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യണമെന്നാവശ്യപ്പെട്ടതിനെ തുടർന്ന് ഓവർസിയർ സൈറ്റ് പരിശോധന നടത്തിയതിൽ നിന്നും കെട്ടിടം മുസ്ലിം പള്ളിയായാണ് ഉപയോഗപ്പെടുത്തുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.








2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 4 പ്രകാരം മതപരമായ ആരാധനക്ക് ഉപയോഗപ്പെടുത്തുന്ന കെട്ടിടങ്ങൾക്ക് ജില്ലാകളക്ടറിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള അനുമതി ഒഴിവാക്കുന്നതിനാ യാണ് കെട്ടിട ഉടമ, എൽ.ബി.എസ് എന്നിവർ പഞ്ചായത്തിനെ കബളിപ്പിച്ച് തെറ്റായ വിനിയോഗ ഗണം രേഖപ്പെടുത്തി കെട്ടിടം ക്രമവത്കരിക്കുന്നതിന് അപേക്ഷിച്ചിട്ടുള്ളത്.

ജില്ലാ കളക്ടറിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെയും ചട്ട പ്രകാരം അനുമതി നൽകിയ വിനിയോഗ ക്രമത്തിൽ നിന്നും വ്യതിചലിച്ച് പ്രവർത്തിക്കുന്നതുമായ മേൽ കെട്ടിടത്തിന്റെ ഉടമക്കെതിരെയും എൽ.ബി.എസിന് എതിരെയും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്,സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത കെട്ടിടം മതപരമായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന വിവരം ജില്ലാകളക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-7 മതിയായ പാർക്കിംഗ് ഇല്ലാത്ത കെട്ടിടങ്ങൾക്ക് പെർമിറ്റ്/ഒക്യുപൻസി അനുവദിച്ചു.

ഫയൽ നമ്പർ- എ3-2512/2019, തിയ്യതി. 27.06.2019

ഹസീന നടക്കൽ, ആയഞ്ചേരി എന്നവരുടെ മേൽ നമ്പറായുള്ള കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷയിന്മേൽ 188.13 ച.മീ വിസ്തൃതിയുള്ള വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്( A3-BA(170602)/2019) . കെട്ടിടത്തിനാവശ്യ മായ പാർക്കിംഗ് ലഭ്യമാക്കിയിട്ടുള്ളത് മറ്റൊരു പ്ലോട്ടിലാണ്. കെട്ടിടം നിർമ്മിക്കുന്ന പ്ലോട്ടിൽ നിന്നും വ്യത്യസ്തമായി മറ്റൊരു പ്ലോട്ടിൽ ഒരുക്കിയ പാർക്കിംഗ് പ്ലാൻ അംഗീകരിച്ച് കെട്ടിടത്തിന് നിർമ്മാണ അനുമതി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഫയൽ നമ്പർ- എ3-2821/2019, തിയ്യതി. 11.07.2019

ശ്രീ.രാജീവൻ, പറമ്പത്ത്, ആയഞ്ചേരി എന്നവരുടെ വാണിജ്യ-പാർപ്പിട വിനിയോഗ ഗണങ്ങൾക്കായുള്ള 119.34 ച.മീ വിസ്തൃതിയുള്ള കെട്ടിടത്തിന് മതിയായ പാർക്കിംഗ് സൈറ്റിൽ ലഭ്യമല്ലെന്ന് പ്ലാനിൽ നിന്നും വ്യക്തമാണ്. സൈറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള പാർക്കിംഗ് പ്രായോഗികവുമല്ല. ആയത് പരിഗണിക്കാതെ കെട്ടിടം ക്രമവത്കരിച്ച് നൽകിയിട്ടുണ്ട്. (10/249 C). പാർക്കിംഗ് ലഭ്യമല്ലാത്ത കെട്ടിടം ക്രമവത്കരിച്ച് ഒക്യുപൻസി അനുവദിച്ചിട്ടുണ്ട്.

ഫയൽ നമ്പർ- എ3-2564/2019, തിയ്യതി. 01.07.2019

ശ്രീ. റിയാസ്, റൗഫ്, റസീന ചെല്ലാട്ടുപൊയിൽ താമസിക്കും മണിയോത്ത്, ആയഞ്ചേരി എന്നിവരുടെ 992.15 ച.മീ വിസ്തൃതിയുള്ള വാണിജ്യകെട്ടിടത്തിനുള്ള നിർമ്മാണ അനുമതി അപേക്ഷയിന്മേൽ 19.12.2019 തീയതിയിലെ A3-BA(350456)/2019 നമ്പറായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പാർക്കിംഗ് പ്ലാൻ പ്രകാരം 10 കാർപാർക്കിംഗുകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പാർക്കിംഗ് പ്രായോഗികമല്ല. മതിയായ ഡ്രൈവ് വേ ഇല്ല. കെട്ടിടത്തിന്റെ തുറസ്സായ പ്രദേശത്തിന്റെ 50 ശതമാനത്തിൽ അധികരിച്ച ഭാഗം പാർക്കിംഗ്, കയറ്റിറക്കത്തിനുള്ള സ്ഥലം എന്നീ ആവശ്യങ്ങൾക്കായി വിനിയോഗിച്ചിരി ക്കുന്നു. കെട്ടിടത്തിലേക്കുള്ള പ്രവേശനം തടസ്സപ്പെടുത്തിയാണ് പാർക്കിംഗ് ക്രമീകരിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിലും കെട്ടിടത്തിന് നിർമ്മാണ അനുമതി നൽകിയതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ ഫയലുകളിൽ നിന്നും കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ ലഭ്യമാവുന്ന അപേക്ഷകളിന്മേൽ സാങ്കേതിക വിഭാഗം സൈറ്റ് പരിശോധിച്ച് സെക്രട്ടറിക്ക് സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ അപാകതകളുണ്ടാകുന്നതാ യും തന്മൂലം അശാസ്ത്രീയമായും കെ.പി.ബി.ആറിന് വിരുദ്ധമായും പാർക്കിംഗ് ആസൂത്രണം ചെയ്ത് സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ, പാർക്കിംഗ് പ്രായോഗിക മാണോയെന്ന വസ്തുത പരിശോധിക്കപ്പെടാതെയാണ് അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കപ്പെടുന്നത്. കെ.പി.ബി.ആർ 2011 ചട്ടം 38(3),(4),(7) എന്നിവയിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് മേൽ പരാമർശിച്ച കെട്ടിടങ്ങൾക്ക് പെർമിറ്റ്/ ഒക്യുപൻസി അനുവദിച്ചിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാ ണ്.

1-8 അപാകതകൾ നിലനിൽക്കെ കെട്ടിടത്തിന് നിർമ്മാണ അനുമതി നൽകി.

ഫയൽ നമ്പർ- A3-241/2019, തിയ്യതി. 22.01.2019

കമല അമ്മ , വളരാംകണ്ടി, ശ്രീപാദം, ആയഞ്ചേരി എന്നവരുടെ മേൽ നമ്പറായുള്ള കെട്ടിട നിർമ്മാണ അനുമതി അപേക്ഷയിന്മേൽ 10.05.2019 തിയ്യതിയിൽ A3-BA (95191)/ 2019 നമ്പറായി റീ.സ 195/5 ൽ 393.68 ച.മീ വിസ്തൃതിയുള്ള ഒരു നില കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളുടെ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല. പഞ്ചായത്ത് രേഖകളിലുള്ളതിനേക്കാൾ വിസ്തീർണ്ണം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങൾക്ക് ഉള്ളതായാണ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളത്.
2. പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളുടെ മുഴുവൻ വിസ്തീർണ്ണവും പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിലുള്ളതും പ്ലാൻ അളവുകൾ പ്രകാരം തറനില 38.34 ച.മീ വിസ്തീർണ്ണം ഉള്ളതുമായ കെട്ടിടത്തിന്റെ നമ്പർ, വിസ്തീർണ്ണം, നിലകളുടെ എണ്ണം എന്നിവ പ്ലാനിൽ വ്യക്തമല്ല. പ്രസ്തുത കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടവുമായി 2011 ലെ കെ.പി.ബി.ആർ 27(2) ൽ വ്യവസ്ഥ ചെയ്തത് പ്രകാരമുള്ള അകലം പാലിക്കുന്നില്ല.

അപാകതകളും അവ്യക്തതകളും നിലനിൽക്കെ കെട്ടിടത്തിന് നിർമ്മാണ അനുമതി നൽകിയതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അന്വേഷണ റിപ്പോർട്ടിൽ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി കെ.പി.ബി.ആറിന് അനുസൃതമാണെന്ന് സാങ്കേതിക വിഭാഗം ശുപാർശ ചെയ്തിട്ടുണ്ട്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നിജസ്ഥിതി പരിശോധിക്കേണ്ടതുമാണ്.

## 1-9 അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം- അപേക്ഷയിൽ പ്രാഥമിക പരിശോധന നടത്തിയില്ല.

ഫയൽ നമ്പർ- A3-4229/2018, തിയ്യതി. 08.11.2018

റസീന, എടവന ഹൗസ് , ആയഞ്ചേരി എന്നവരുടെ ഉടമസ്ഥതയിലുള്ള 242.97 ച.മീ വിസ്തൃതിയുള്ള (GF+FF+SF) വാണിജ്യ-പാർപ്പിട കെട്ടിടം 2018 ലെ അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണ ചട്ട പ്രകാരം ക്രമവത്കരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ കോഴിക്കോട് ജില്ലാ നഗരാസൂത്രകന്റെ പരിഗണനയിലാണുള്ളത്. മേൽ ഫയലിന്മേൽ പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിലുണ്ടായ വീഴ്ചമൂലം താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. 13.03.2015 തീയതിയിലെ 152/2014-15 ഫയൽ പ്രകാരം ഹാരിസ്, മുഹമ്മദ് ചെറുവത്ത്കണ്ടി എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ക്രമവത്കരിച്ച് നമ്പർ നൽകിയിട്ടുള്ളത്. ആയത് പ്രകാരം പ്ലോട്ടിന്റെ വിസ്തീർണ്ണം 184 ച.മീറ്റർ ആണ്. കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 282.14 ച.മീ ആണ്. എന്നാൽ A3-4229/2018 ഫയൽ നമ്പറായി സമർപ്പിച്ച പ്ലാൻ പ്രകാരം പ്ലോട്ടിന്റെ വിസ്തീർണ്ണം 124.3 ച.മീറ്റർ ആണ്. കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 242.97 ച.മീ ആണ്. കെട്ടിടത്തിന്റ ഒരു ഭാഗം, ഭൂമി എന്നിവ 2016 ഒക്ടോബർ 21 ലെ 1227/2016 നമ്പർ ആധാരപ്രകാരം റസീന, എടവന ഹൗസ് , ആയഞ്ചേരി എന്നവർക്ക് കൈമാറിയിട്ടുണ്ട്. മേൽ വസ്തുതകളിൽ നിന്നും ഹാരിസ്, മുഹമ്മദ് ചെറുവത്ത്കണ്ടി കെട്ടിടത്തിന്റെയും ഭൂമിയുടെയും ഒരു ഭാഗം റസീന, എടവന ഹൗസ് , ആയഞ്ചേരി എന്നിവർക്ക് കൈമാറ്റം ചെയ്തതാണെന്നത് വ്യക്തമാണ്. ഈ വിവരങ്ങൾ സെക്രട്ടറി നഗരാസൂത്രകന്റെ ശ്രദ്ധയിൽപെടുത്തിയിട്ടില്ല.
2. കെട്ടിടം 31.07.2017 ന് മുൻപായി നിർമ്മാണം നടത്തിയതാണെന്ന് അപേക്ഷയിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ കെട്ടിടം പഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങളു ടെ രജിസ്റ്ററിൽ ഉൾപ്പെടുത്തി തുടർനടപടി സ്വീകരിച്ചിട്ടില്ല.
3. കെട്ടിടത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി അപേക്ഷയിലെ ഫോട്ടോകളി ൽ നിന്നും വ്യക്തമാണ്. മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ എന്ന വിവരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല.
4. പ്ലാനിൽ രേഖപ്പെടുത്തിയ കെട്ടിട നമ്പറുകൾ (8/372 C,D,E) സഞ്ചയ പ്രകാരം നിലവിലില്ലാത്തതാണ്.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 62 പ്രകാരം ഒന്നോ അതിലധികമോ പ്ലോട്ടുകൾ വിഭജിച്ചുണ്ടായ പ്ലോട്ടുകളിലെ നിർമ്മാണത്തിനോ വിഭജിക്കപ്പെട്ട പ്ലോട്ടുകളിൽ ഒന്നിൽ

കൂടുതൽ പ്ലോട്ടുകളുടെ ഉടമയ്ക്കോ നിർദ്ദിഷ്ട പ്ലോട്ടിനോട് ചേർന്ന് മറ്റൊരു പ്ലോട്ട് ഉള്ള വ്യക്തിക്കോ ഈ ചട്ടത്തിന്റെ ആനുകൂല്യം അനുവദിക്കാൻ പാടില്ലാത്തതാണ്. എന്നാൽ മേൽ അപേക്ഷയിൽ ചട്ടം 62 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപേക്ഷ ജില്ലാ നഗരാസൂത്രക ന്റെ പരിഗണനയിലിരിക്കുന്ന സാഹചര്യത്തിൽ വസ്തുത അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെടു ത്തേണ്ടതും അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷ റദ്ദ് ചെയ്യുന്ന തിന് ശുപാർശ നൽകി, കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 235 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-10 തൊഴിൽ നികുതി -അപാകതകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2016-17, 2017-18 വർഷങ്ങളിലെ ഖണ്ഡിക 2-4, 2018-19 വർഷത്തെ ഖണ്ഡിക 1-12 എന്നിവ മുഖേന തൊഴിൽ നികുതി വരവിനത്തിലെ ഡിമാന്റ്, വരവ് എന്നിവയിലെ കൃത്യതയില്ലായ്മ, മറ്റ് അപാകതകൾ എന്നിവ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ താഴെ പറയുന്ന അപാകതകൾ 2019-20 വർഷത്തിലും ആവർത്തിച്ചതായി കാണുന്നു.

- രജിസ്റ്ററുകൾ പൂർണ്ണമല്ല, തൊഴിൽ നികുതി രജിസ്റ്ററിൽ സംക്ഷിപ്തം, സാക്ഷ്യപ്പെടുത്തൽ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
- തൊഴിൽ നികുതി അടവാക്കുന്നതിന് ബാധ്യസ്ഥരായ മുഴുവൻ പേരെയും ഡിമാന്റിൽ ഉൾകൊള്ളിച്ചിട്ടില്ല.
- തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചില്ല.
- ഡിമാന്റ്, വരവ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്ന തുക ഡിമാന്റ്/കളക്ഷൻ ആയി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന വസ്തുത ബോധ്യപ്പെട്ടിട്ടുണ്ട്.

1. മംഗലാട് ക്ഷീരോത്പാദക സഹകരണ സംഘം
2. കല്ലേരി ക്ഷീരോത്പാദക സഹകരണ സംഘം
3. മനോവികാസ് സ്പെഷ്യൽ സ്കൂൾ
4. പുതിയോട്ടും വയൽ ക്ഷീരോത്പാദക സഹകരണ സംഘം(1,2)
5. ജലനിധി പ്രൊജക്ട്.(1,2)
6. കസ്തൂർബ വനിതാ സഹകരണ സംഘം
7. മുക്കടത്തും വയൽ ക്ഷീരോത്പാദക സഹകരണ സംഘം(1,2)

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിന് മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും 1996 ലെ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ , ചട്ടം 14 A യിൽ പരാമർശിക്കുന്ന തരത്തിലുള്ള സോഫ്റ്റ്‌വെയറിന്റെ സാധ്യത പരിശോധിക്കേണ്ടതും മേൽ സോഫ്റ്റ്‌വെയർ മുഖേന തൊഴിൽനികുതി ഇനത്തിലെ ഡിമാന്റ് കളക്ഷൻ എന്നിവയുടെ കൃത്യത പരിശോധിക്കേണ്ടതുമാണ്.

## 1-11 സംരംഭക ലൈസൻസ് -മുൻവർഷങ്ങളിലെ അപാകതകൾ ആവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2020 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2649 (107 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 511 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്(647 കെട്ടിടങ്ങളിൽ). ഇത് കാരണം പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാണിജ്യ-വ്യാവസായികാവശ്യത്തിന് നമ്പർ നിർണ്ണയിച്ചിട്ടുള്ള 2649 ഡിമാന്റുകൾ ഉണ്ടെന്നിരിക്കെ 647 ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. ഇതുമായി ബന്ധപ്പെട്ട് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കി ലും അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്ഥാപനം കൈക്കൊണ്ടതായി കാണുന്നില്ല. കൂടാതെ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുകയും ചെയ്തിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലും/വണിജ്യ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി അവയിൽ നിന്നും ലൈസൻസ് എടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങളില്ല

ആയഞ്ചേരി ഗ്രാമപഞ്ചായത്തിൽ ആകെ 25 അങ്കണവാടികളാണുള്ളത്. അങ്കണവാടിക ൾക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വിജയിച്ചിട്ടില്ല. ഐ.സി.ഡി.എസ്. സൂപ്പർവൈസറിൽ നിന്ന് ശേഖരിച്ച വിവരങ്ങളനുസരിച്ച് അങ്കണവാടി കളുടെ അടിസ്ഥാന വിവരങ്ങളെപ്പറ്റിയുള്ള സംക്ഷിപ്ത വിവരം താഴെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| ആകെ അംഗനവാടികളുടെ വിവരം | 25 |
| സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 18 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 04 |
| വാടക ഇതരം | 03 |
| സ്വന്തമായി കുടിവെള്ള സൗകര്യമുള്ളത് | 01 |
| വൈദ്യുത കണക്ഷനുള്ളത് | 23 |
| ടോയ്ലറ്റ് സൗകര്യമുള്ളത് | 23 |
| ചുറ്റുമതിലുള്ളത് | 04 |

ഒരു അങ്കണവാടിയിൽ മാത്രമാണ് (80നമ്പർ)സ്വന്തമായി കുടിവെള്ള സൗകര്യമുള്ളത്. രണ്ട് അങ്കണവാടികളിൽ ടോയ്‌ലറ്റ് സൗകര്യമില്ല. 67 നമ്പർ പുതിയോട്ടുപാറ അങ്കണവാടി സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും ടോയ്‌ലറ്റ് സൗകര്യം ഒരുക്കിയിട്ടില്ല. ടോയ്‌ലറ്റ് സൗകര്യമില്ലാത്ത 85 നമ്പർ അങ്കണവാടി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വിജയിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ അടിസ്ഥാന ആവശ്യങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് മുൻഗണനാക്രമം നിശ്ചയിച്ച് പ്രൊജക്റ്റുകൾ തയ്യാറാക്കാത്തതാണ് മേൽപ്പറഞ്ഞ അപാകതകൾക്ക് കാരണം.

അപാകതകൾ പരിഹരിക്കാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം - ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഓഡിറ്റ് വർഷം കാർഷിക മേഖലയിൽ കൃഷി ഓഫീസർമാർ നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | ബിൽനമ്പർ/തീയതി |
|---|---|---|---|---|
| 24/20 | നെൽകൃഷിക്ക് വിത്ത്,വളം കുമ്മായം വിതരണം | 600000 | 484500<br>(192000+292500) | 2/1920/16.12.19<br>5/19-20/18.12.19 |
| 25/20 | നെൽകൃഷിക്ക് കൂലിച്ചെലവ് | 1020000 | 300000 | ബ്ലോക്ക് വിഹിതം |
| 31/20 | പച്ചക്കറികൃഷി വികസനം | 110833 | 93333<br>(70000+23333) | 4/19 20/16.12.19 |
| 113/20 | നെൽകൃഷിക്ക് വിത്ത്,വളം കുമ്മായം വിതരണം (S.O) | 274330 | 82330<br>(54720+27610) | 1/19-20/23.5.19<br>2/19-20/23.5.19 |

മേൽ സൂചിപ്പിച്ച പദ്ധതികളിലെ ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും, രജിസ്റ്ററു കളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 960163/- തടസ്സത്തിൽ വെയ്ക്കുന്നു

## 1-14 സെക്രട്ടറിയുടെ പദ്ധതികൾ- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ പ്രൊജക്ട് ഫയലുകൾ, ചെലവ് രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നമ്പർ , പേര് | ചെലവ് തുക |
|---|---|---|
| 1 | 1/2019-20, ആസൂത്രണ നിർവ്വഹണ ചെലവ് | 9790 |
| 2 | 14/019-20, സ്നേഹസ്പർശം, തുക നൽകൽ | 300000 |
| 3 | 234/2019-20, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ | 12540 |
| 4 | 271/2019-20, ക്ലീൻ ആയഞ്ചേരി | 12000 |
| | ആകെ | 334330 |

അങ്കണവാടി വർക്കർ ഹെൽപ്പർ അധിക ഓണറേറിയം അടവാക്കൽ (പ്രൊ.നം. 259/2019-20) , ലൈഫ് മിഷൻ വായ്പാമുതൽ, തിരിച്ചടവ് (പ്രൊ.നം- 286/2019-20) എന്നിവയുടെ ഫയലും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലെങ്കിലും മേൽ പ്രൊജക്ടുകളുടെ ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത് സർക്കാർ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകയാ ണെന്ന് സ്ഥാപനം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

മേൽ പട്ടികയിൽ പരാമർശിച്ച പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കുന്നതിന് സെക്രട്ടറിക്ക് റിക്വിസിഷൻ നൽകിയിരുന്നെങ്കിലും ഫയൽ ലഭ്യമാക്കിയിട്ടില്ല. മേൽ പ്രൊജക്ടുകളുടെ ചെലവ് തുകയായ 334330 തടസ്സപ്പെടുത്തുന്നു.

### 1-15 പഞ്ചായത്ത് ഓഫീസ് കുടിവെള്ളംലഭ്യമാക്കൽ പദ്ധതി -നാളിതുവരെയായും ലക്ഷ്യം കണ്ടില്ല.

പ്രോജക്ട് നം-144

അടങ്കൽ - 300000 (തനത് ഫണ്ട്)

2017-18 വർഷം പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് ഓഫീസിൽ നിലവിൽ കിണറോ പൈപ്പ് കണക്ഷനോ ഇല്ലാത്തതിനാൽ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ ഉദ്ദേശം 200 മീറ്റർ അകലെയുള്ള പഞ്ചായത്ത് കിണറ്റിൽ നിന്നും പൈപ്പ് ഇട്ട് ഓഫീസിലേക്ക് വെള്ളമെത്തിക്കുന്നതിനാണ് പദ്ധതി. പഞ്ചായത്ത് ഓഫീസിനു സമീപത്തായി കോൺക്രീറ്റ് പില്ലർ നിർമ്മിച്ച് അതിന് മുകളിൽ സിൻടെക്സ് ടാങ്ക് സ്ഥാപിച്ച് കിണറ്റിൽ നിന്നും മോട്ടോർ ഉപയോഗിച്ച് വെള്ളമെത്തിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 23-3-2018 പ്രവൃത്തി നിർവ്വഹണത്തിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി കരാറിൽ ഏർപ്പെട്ടു. നിശ്ചിതസമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ സ്പിൽ ഓവറായി തുടർന്ന പദ്ധതിക്ക് ഓഡിറ്റ് വർഷവും ചെലവില്ല. ടാങ്ക് നിർമ്മാണം , പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ച് തുടർ വർഷങ്ങളിൽ കരാറുകാരന് തുക നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെയും മോട്ടോർ സ്ഥാപിച്ച് കിണറ്റിൽ നിന്നും ടാങ്കിലേക്ക് വെള്ളം എത്തിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. പദ്ധതി രൂപീകരിച്ച് നാല് വർഷം കഴിഞ്ഞിട്ടും പദ്ധതി കൊണ്ട് ഉദ്ദേശിച്ച ഗുണഫലം ലഭിക്കാത്തതിനാൽ നാളിതുവരെയുള്ള ചെലവ് പാഴ് ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിന് വിശദീകരണം നൽകേണ്ടതും പഞ്ചായത്ത് ഓഫീസിലേക്ക് വെള്ളം എത്തിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-16 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നമ്പർ - 231/19(സ്പിൽ ഓവർ)

അടങ്കൽ - 214310

ചെലവ് - 29995 ( ബിൽ നം. 4/2019-20 തീ.03.02.2020)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

വികസനഫണ്ട് വകയിരുത്തി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കാഡ്കോയിൽ നിന്ന് മേശയും കസേരയും വാങ്ങി നൽകിയിട്ടുണ്ട്. 2018-19 വർഷം തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിക്കുന്നവർക്ക് ആനുകൂല്യം നൽകുന്നതിനാ ണ് സ്പിൽഓവർ പദ്ധതി തയ്യാറാക്കിയത്. ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിച്ച 7 പേർക്ക് മേശയും കസേരയും വിതരണം ചെയ്തതിന് 29995 രൂപ ചെലവഴിച്ചു. വകയിരുത്തിയതിൽ അവശേഷിച്ച 184315 രൂപ ചെലവഴിക്കാൻ കഴിയാതെ നഷ്ടപ്പെട്ടു. ഗുണഭോക്താക്കളുടെ എണ്ണം പരിഗണിക്കാതെ തുക വകയിരുത്തിയതാണ് അപാകതകൾക്ക് കാരണം. യുക്തിസഹമായി ഫണ്ട് വകയിരുത്തുകയും വകയിരുത്തിയ തുക വിനിയോഗിക്കുന്നുവെന്നും ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 എസ്.എസ്.എ വിഹിതം വകയിരുത്തിയതിൽ കുറവ്

പ്രൊജക്ട് നമ്പർ- 30/2019-20

വകയിരുത്തിയ തുക-300000 (വികസനഫണ്ട്)

ചെലവുതുക- 300000 (ബിൽ നമ്പർ- 1/2019-20 തീ.19.10.2019)

നിർവഹണം - സെക്രട്ടറി

എസ്.എസ്.എ യുടെ വിവിധ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനു വേണ്ടിയുള്ള മേൽ പ്രൊജക്ട് പ്രകാരം 300000/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് ജില്ലാ പ്രൊജക്ട് ഓഫീസ് എസ്.എസ്.എ കോഴിക്കോടിന് അടവാക്കി യിട്ടുണ്ട്. സ.ഉ.എം.എസ്.11/18 ത.സ്വ.ഭ.വ. 29.1.2018 ഖണ്ഡിക 7.6 പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്എ പ്രൊജക്ടുകൾക്ക് വകയിരുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. യൂണിഫോം, പാഠപുസ്തകങ്ങൾ, അധ്യാപക പരിശീലനം, പഠനപോഷണ പരിപാടികൾ, തുടങ്ങിയ ചെലവുകളുടെ 40% വിഹിതമാണ് ഗ്രാമപഞ്ചായത്ത് വിഹിതമായി നിർദ്ദേശിച്ചിട്ടുള്ളത്. 2019-20 വർഷം 25.08 ലക്ഷം രൂപ എസ്.എസ്.കെ ആവശ്യപ്പെട്ടെങ്കിലും 300000 രൂപ മാത്രമാണ് അടവാക്കിയത്. 2018-19 വർഷം 24.86 ലക്ഷം രൂപ പഞ്ചായത്ത് വിഹിതമായി അടക്കാനാവശ്യപ്പെട്ടെങ്കിലും 8 ലക്ഷം രൂപ മാത്രമാണ് അടച്ചത്. തൻവർഷം 1.44 കോടി രൂപ പദ്ധതിവിഹിതം വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്ത് നഷ്ടപ്പെടുത്തിയപ്പോഴാണ് മേൽപ്പറഞ്ഞ ചെലവുക ൾക്ക് ആവശ്യമായ തുക വകയിരുത്താതിരുന്നത്. അപാകതകൾക്ക് മറുപടി നൽകേണ്ടതാ ണ്.

## 1-18 സോൾ ചെയ്ത റോഡുകൾ സമയബന്ധിതമായി ടാർചെയ്യാത്തതിനാൽ പാച്ച് സോളിംഗ് ഇനത്തിൽ അധികചെലവ് വരുന്നു.

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത റോഡ് ടാറിംഗ് പ്രവൃത്തികൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരം പാച്ച് സോളിംഗിനായി തുക ചെലവഴിച്ചതായി കാണുന്നു.

ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രവൃത്തിമൂല്ല്യം | പാച്ച് സോളിംഗിനായി ചെലവഴിച്ചതുക |
|---|---|---|

| | | |
|---|---|---|
| മൊയിലോത്ത് മുക്ക് കണ്ടോത്ത് കുന്നത്ത് താഴെ റോഡ് പ്രോജക്ട്- 115 | 414929 | 32419.38 |
| നിരവുമ്മൽ മുക്ക് തയ്യുള്ളതിൽ മുക്ക് റോഡ്-118 | 177141 | 16081.93 |
| പരവന്റവിടമുക്ക് മംഗലാട് ക്ഷേത്രം ചെട്ട്യാൻ വീട്ടിൽ റോഡ്-173 | 271982 | 19021.90 |

മേൽ പ്രവൃത്തികൾ മുൻവർഷങ്ങളിൽ സോളിംഗ് ചെയ്ത റോഡുകളിൽ ടാറിംഗ് ചെയ്യുന്നതിനായി രൂപീകരിച്ച് നടപ്പാക്കിയവയാണ് . സോൾ ചെയ്ത റോഡുകൾ തൊട്ടടുത്ത വർഷം തന്നെ താർ ചെയ്യാതെ വർഷങ്ങൾക്കുശേഷം മാത്രം താറിംഗ് പ്രവൃത്തി നിർവ്വഹിച്ചതിനാലാണ് ആണ് മേൽ പ്രവൃത്തികളിൽ പാച്ച് സോളിംഗ് ഇനത്തിൽ അധിക തുക ചെലവഴിക്കേണ്ടി വന്നിട്ടുള്ളത്. ആയത് പഞ്ചായത്തിന് അധികചെലവ് വരുത്തുന്ന തിനിടയാക്കുന്നു. റോഡുകളുടെ മെയിന്റനെൻസ് സമയബന്ധിതമായി ചെയ്തു തീർക്കാൻ ശ്രദ്ധിക്കേണ്ടതും ആയതിന് വിശദീകരണം നൽകേണ്ടതാണ്.

1-19 പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസത്തിന് പിഴ ഈടാക്കുന്നതിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 146 പൊതുമരാമത്ത് പദ്ധതികൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചിരുന്നത് ഇതിൽ 57 എണ്ണം പുതിയ പ്രോജക്ടുകളും 89 എണ്ണം സ്പിൽ ഓവർ പ്രേജക്ടുകളുമായിരുന്നു. മേൽ പദ്ധതികളിൽ 37 എണ്ണത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത് . ഇതിൽ തന്നെ 32 ഏണ്ണവും സ്പിൽ ഓവർ പദ്ധതികളാണ്. പദ്ധതി ചെലവ് പരിശോധിച്ചതിൽ മുഴവൻ സ്പിൽ ഓവർ പ്രവൃത്തികളിലും നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാഞ്ഞതി നാൽ കരാറുകാരിൽ നിന്നും ഫൈൻ ഇടാക്കിയാണ് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്. എന്നാൽ 2012 ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2112.1 പ്രകാരമല്ല പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് കരാറുകാരുമായി കരാറിലേർപ്പെട്ടിരിക്കുന്നതും കാലതാമസത്തിന് പിഴ ഈടാക്കിയിട്ടുള്ളതും . പ്രവൃത്തി ദീർഘീകരണത്തിന് കരാറുകാരൻ, നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖാന്തരം അപേക്ഷ സമർപ്പിച്ചതായും കാണുന്നില്ല. പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടി വരുമ്പോൾ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതും ഈ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി പി.എ.സി തുകയുടെ 1% പിഴ ഈടാക്കി പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നല്കാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുമ്പോൾ 2% പിഴയാണ് ഈടാക്കേണ്ടത്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയ ത്തിന്റെ 50%

അധികമാകുവാനം പാടുള്ളതല്ല. എന്നാൽ ഓഡിറ്റ് വർഷം 6 മാസ കാലാവധി അനുവദിച്ചിട്ടുള്ള പദ്ധതികളിൽ പരമാവധി കാലയളവായ 9 മാസത്തിൽ അധികരിച്ചാണ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. 2012 ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2112 പ്രകാരം കരാറുകാരൻ കരാറിലേർപ്പെടുന്നതിന് മുൻപ് പ്രവൃത്തിയുടെ ഓരോ ഘട്ടത്തിന്റെയും പൂർത്തീകരണ സമയക്രമം വ്യക്തമാക്കി നിർവ്വഹണ സമയക്രമം വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് പഞ്ചായത്തിന് സമർപ്പിക്കേണ്ടതും ആയത് കരാറിന്റെ ഭാഗമാക്കേണ്ടതുമാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറിൽ ഏർപ്പെടുമ്പോൾ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകരാറിൽ ഉൾപ്പെടുത്താതി രു ന്ന തിനാലും ആയത് പാലിക്കപ്പെടാതിരുന്നതിനാലുമാണ് ഓഡിറ്റ് വർഷം പൊതുമരാമത്ത് പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസമുണ്ടാക്കാനിടയായത്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പൊതുമരാമത്ത് പ്രവൃത്തികളിൽ കരാർ വ്യവസ്ഥകൾ 2012ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമായിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 ജി.യു.പി.എസ് പറമ്പിൽ - അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയില്ല

ഗവ. പ്രൈമറി സ്കൂളുകൾ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ്. ഗവ.പ്രൈമറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്. ആയഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഒരു സർക്കാർ യുപി സ്കൂൾ മാത്രമേയുള്ളൂ. 1 മുതൽ 7 വരെ ക്ലാസ്സുകളുള്ള മേൽ സ്കൂളിൽ 210 കുട്ടികൾ പഠിക്കുന്നുണ്ട്. എന്നാൽ സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ആവശ്യമായ ശ്രദ്ധ പതിപ്പിക്കുന്നി ല്ല. സ്കൂൾ കെട്ടിടം പെയിന്റ് ചെയ്തിട്ട് 10 വർഷത്തിലധികമായി. സ്കൂൾ ലൈബ്രറിയിൽ ആവശ്യത്തിന് പുതിയ പുസ്തകങ്ങളില്ല. സ്കൂൾ ലൈബ്രറിയിലേക്ക് ഗ്രാമപഞ്ചായത്ത് പുസ്തകങ്ങൾ വാങ്ങി നൽകിയത് 15 വർഷം മുമ്പാണ്. പറമ്പിൽ ജി.യു.പി സ്കൂളിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ പ്രൊജക്ടുകൾ തയ്യാറാ ക്കി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ പ്രായമായവർക്കും നിത്യരോഗികളായവർക്കും സുഗമമായി ആയഞ്ചേരി FHC യിൽ എത്തി രോഗനിർണ്ണയം നടത്തുന്നതിന് പ്രയാസമുണ്ട് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് പ്രയോജനകരമായ കേന്ദ്രങ്ങളിൽ പരിശോധന നടത്തി ആവശ്യമായ മരുന്നുകൾ വിതരണം നടത്തുന്നതിനായി തനത്ഫണ്ട് വകയിരുത്തി താഴെ പറയും രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|
| ആയഞ്ചേരി,തറോപ്പൊയിൽ ,കാമിച്ചേരി ചികിത്സാലയം<br>21/19-20 | 200000 | 189467 |
| മൊബൈൽ ക്ലിനിക്ക്<br>252/19-20 | 100000 | 99281 |

കടമേരിയിൽ സ്ഥിതിചെയ്യുന്ന ആയഞ്ചേരി ഗ്രാമപഞ്ചായത്ത് ഫാമിലി സെന്ററിൽ എത്തിച്ചേരാൻ കഴിയാത്ത ആയഞ്ചേരി, കാമിച്ചേരി, തറോപൊയിൽ എന്നീ ഗ്രാമപഞ്ചായത്തിലെ വിദൂരസ്ഥലങ്ങളിലുള്ള

ശാരീകിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന 60 വയസ്സിനുമേൽ പ്രായമുള്ള ആളുകൾക്ക് പ്രാദേശികമായി ക്യാമ്പുകൾ സംഘടിപ്പിച്ച് പരിശോധന, സൗജന്യ മരുന്ന് വിതരണം എന്നിവ നടത്തുന്നതിനുമാണ് ഒന്നാമത്തെ പദ്ധതി. ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലെ പ്രായമായവർക്ക് ഇതേ ആവശ്യങ്ങൾക്കായാണ് രണ്ടാമത്തെ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിരിക്കുന്നത് .മേൽ പദ്ധതികളുടെ ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ആയഞ്ചേരി,തറോപ്പൊയിൽ ,കാമിച്ചേരി ചികിത്സാലയം | മൊബൈൽ ക്ളിനിക്ക് |
|---|---|
| മരുന്ന്-112029<br>ഉപകരണങ്ങൾ-29855<br>സ്റ്റേഷനറി-9338<br>റിഫ്രഷ്മെന്റ്-6000<br>നോട്ടീസ്-6900<br>വാഹനം-6900 | മരുന്ന്-53181<br>റിഫ്രഷ്മെന്റ്-5000<br>പ്രീഎറേഞ്ച്മെന്റ്-8600<br>പ്രചരണം-7000<br>വാഹനം-25500 |

മേൽ രണ്ട് പദ്ധതികളും നിർവ്വഹണം ചെയ്തിരിക്കുന്നത് 2019 മാർച്ച് മാസത്തിലാണ് . ഇതിൽ നിന്നും കുടുംബാരോഗ്യ കേന്ദ്രത്തിൽ എത്തിച്ചേരുന്നതിന് രോഗികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ കഴിഞ്ഞത് എങ്ങിനെയെന്ന് വ്യക്തമല്ല. കൂടാതെ പദ്ധതി ചെലവിൽ അടങ്കൽ തുകയുടെ പകുതിയോളമേ മരുന്നിനായി ചെലവഴിച്ചിട്ടുള്ളൂ. ബാക്കി തുക ക്യാമ്പ് നടത്തിപ്പിനായി ചെലവ് വന്ന തുകയാണ്. രണ്ട് പദ്ധതികളിലും പ്രായമായവർ ക്ക് വേണ്ടിയുള്ളതാണെങ്കിലും മരുന്ന് വിതരണം രജിസ്റ്റർ പരിശോധിച്ചതിൽ 30 വയസ്സിനു മുകളിൽ ഉള്ള രോഗികൾക്ക് പദ്ധതിയിൽ സഹായം നൽകിയതായി കാണുന്നു. ചികിത്സാലയം പദ്ധതിക്കായി ട്രഷറി ചെക്ക് പ്രകാരം 189467 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ പിൻവലിച്ചിട്ടുണ്ടെങ്കിലും 172122/- രൂപയുടെ ചെലവ് വിവരങ്ങളേ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളൂ. ചെലവാക്കാതെ അവശേഷിക്കുന്ന 17345 രൂപയുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിലെ മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും നിലവിലുള്ള കുടുംബാരോഗ്യകേന്ദ്രം പഞ്ചായത്തിലെ രോഗികൾക്ക് തീർത്തും എത്തിപ്പെടാൻ പറ്റാത്ത ഇടത്താണ് സ്ഥിതി ചെയ്യുന്നതെങ്കിൽ കെട്ടിടം സൗകര്യപ്രദമായ ഇടത്തേക്ക് മാറ്റി സ്ഥാപിക്കുകയോ യാത്രാ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ച് പ്രശ്നം പരിഹരി ക്കേണ്ടതുമാണ്. വിനിയോഗ വിവരം ലഭ്യമാക്കാത്ത 17345 രൂപ ഓഡിറ്റിൽ തടസ്സപ്പെടു ത്തുന്നു.

1-22 ഹരിത കർമ്മ സേനയുടെ പ്രവർത്തനം - സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച

സ.ഉ (സാധാ) നം. 2420/തസ്വഭവ/തി.15.07.2017 ഉത്തരവ് പ്രകാരം ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണപ്രവർത്തനങ്ങൾക്കായി രൂപീകരിച്ച ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. എം.സി.എഫ് കേന്ദ്രങ്ങൾ സ്ഥാപിച്ചില്ല

പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ശേഖരിച്ച് വേർതിരിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ എം.സി.എഫ് കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്. ഇവിടെ ഹരിതകർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല. ഇതുകൊണ്ടു തന്നെ നിലവിൽ വിവിധ വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ റോഡരികിൽ കൂട്ടിയിട്ടശേഷം പിന്നീട് സംസ്കരണ കേന്ദ്രങ്ങളിലേക്ക് കയറ്റിയയക്കുകയാണ് ചെയ്യുന്നത്. എം.സി.എഫ്

കേന്ദ്രങ്ങൾ ഇല്ലാത്തത് കാരണം വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി ഹരിത സേനാംഗങ്ങൾ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. മാലിന്യങ്ങൾ ശേഖരിക്കുന്നതിന് എം.സി.എഫ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേ ണ്ടതാണ്.

2. ഹരിത കർമ്മസേനാംഗങ്ങൾക്ക് യൂണിഫോം നൽകിയില്ല

ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനാംഗങ്ങൾക്ക് യൂണിഫോം നൽകിയിട്ടില്ല. മാലിന്യങ്ങൾ ശേഖരിക്കുമ്പോൾ ധരിക്കുന്ന സുരക്ഷാ ഉപകരണങ്ങളായ ഷൂസ്, ഗ്ലൗസ്, മഴക്കോട്ട് , തൊപ്പി തുടങ്ങിയവയും നൽകിയിട്ടില്ല.

3. വയബിലിറ്റി ഗ്യാപ്പ് ഫണ്ട്

ഓഡിറ്റ് വർഷം ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകിയിട്ടുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് പ്രതിഫലം നൽകുന്നതിനാണ് ഈ ഫണ്ട് വിനിയോഗി ച്ചിരിക്കുന്നത്. എന്നാൽ ഈ കാലയളവിലെ യൂസർഫീയിൽ നിന്നും ഹരിത സേനാംഗങ്ങളുടെ പ്രതിഫലം നൽകാൻ കഴിയുമായിരുന്നോ എന്ന പരിശോധന നടത്തിയ തായി കാണുന്നില്ല. യൂസർഫീ ബേങ്കിൽ അടയ്ക്കുന്നത് സംബന്ധിച്ച് കൃത്യമായ പരിശോധന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. ഓഡിറ്റ് തീയതിയിൽ 55000/- രൂപ ബേങ്കിൽ അടയ്ക്കാതെ ഹരിതകർമ്മസേനയുടെ ഭാരവാഹികളുടെ കൈയ്യിൽ സൂക്ഷിച്ചതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ബേങ്ക് അക്കൗണ്ടിൽ അടച്ചിട്ടുണ്ട്.

4. സോഷ്യൽ ഓഡിറ്റ്

ഹരിത കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഫലപ്രദമായ സോഷ്യൽ ഓഡിറ്റ് നടന്നതായി കാണുന്നില്ല. ഇതിനായി ഒരു സോഷ്യൽ ഓഡിറ്റ് ടീമിനെ തെരഞ്ഞെടുത്ത് പരിശീലനം നൽകേണ്ടതായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് ടീം രൂപീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01/19-20/28.2.22) മറുപടി നൽകിയിട്ടില്ല. ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-23 മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ - പുരുഷന്മാർക്ക് കൂടി നൽകാവുന്ന ആനുകൂല്യങ്ങൾ വനിതകൾക്ക് മാത്രമായി നൽകുന്നു

ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണമേഖലയിൽ ഒരേ സ്വഭാവമുള്ള പദ്ധതികൾ ആവർത്തിക്കുന്നതായി കാണുന്നു. സ.ഉ.(കൈ) നം.11/2018 തസ്വഭവ. തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.5-3 (10)ൽ ഗ്രാമ പഞ്ചായത്തുകൾ വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖ.6-3 (iii) ൽ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം മൃഗസംരക്ഷണ മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയതായി കാണുന്നു.

| പ്രൊജക്ട് നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 27/20 | മുട്ടഗ്രാമം (വനിത) | 550000 | 158125 |
| 38/20 | പെണ്ണാട് വളർത്തൽ (വനിത) | 600000 | 192000 |
| 39/20 | മുട്ടക്കോഴി വളർത്തൽ (വനിത) | 748000 | 177650 |

പുരുഷന്മാർക്ക് കൂടി നൽകാവുന്ന ആനുകൂല്യങ്ങളാണ് ഈ പദ്ധതിയിൽ വനിതാ ഗുണഭോക്താക്കൾക്ക് മാത്രമായി നൽകിയിരിക്കുന്നത്. വനിതകൾക്ക് പ്രത്യേകമായി വിഭാവനം ചെയ്യുകയും, അവർക്ക് നേരിട്ട് ഗുണം ലഭിക്കുന്നതുമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന് പകരം,

വനിതാ ഘടക പദ്ധതിയിൽ വകയിരുത്തേണ്ട തുക ഉൾക്കൊള്ളിക്കുന്നതിന് വേണ്ടി മാത്രമായി പദ്ധതികളാവിഷ്കരിക്കുന്നത് ശരിയായ നടപടിയല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/19-20/28.2.22) മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 1-24 എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ നിർവ്വഹിക്ക പ്പെട്ട പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തികളുടെ ടെണ്ടർ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും കാണുന്നു . ഓഡിറ്റ് വർഷം ആകെ 11 റോഡ് പ്രവൃത്തി കളാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഇവയ്ക്ക് ആവശ്യമായ സാധനങ്ങൾ മുഴുവൻ സപ്ലൈ ചെയ്തത് അബ്ദുള്ള കോളോത്ത് എന്ന കരാറുകാരനാണ്. എന്നാൽ സാധനങ്ങൾ മൊത്തമായി ഒരു ടെണ്ടറിലൂടെയല്ല ശേഖരിച്ചത്, മറിച്ച് ഓരോ പ്രവൃത്തിയും വെവ്വേറെ ടെണ്ടർ ചെയ്യുകയാണുണ്ടായത്.

മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായ ല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ച കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ച കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേ ണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാ ണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസ കാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരഞ്ഞെടുക്കുന്നതിന്, അവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടു ക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയി ക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേ ണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും വെവ്വേറേ ടെണ്ടർ നടത്തി ഒരേ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ശരിയായ നടപടിയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസി കൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരി ക്കെ, ഈ സാധ്യത പരിഗണിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്.

സർക്കാർ നിർദ്ദേശ ത്തിന് വിരുദ്ധമായി പ്രവർത്തിച്ച് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതായി ഓഡിറ്റിന് ബോധ്യപ്പെട്ടു. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (നം.03/19-20/28.2.22) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി സുതാര്യവും, കാര്യക്ഷമവുമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-25 വെറ്റിനററി സബ് സെന്റർ വാടക- തുക അധികം നല്കി

വൗച്ചർ നം- 21900938 തീയതി 1.3.20

തുക-11660/-

കീരിയങ്ങാടി വെറ്റിനററി സബ് സെന്റർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടകയിനത്തിൽ മേൽ വൗച്ചർ പ്രകാരം 11660/-രൂപ കെട്ടിട ഉടമയായ ശ്രീ ഇബ്രാഹിം ഹാജി തുമ്പിയോട്ട് കുന്നമ്മൽ എന്നവർക്ക് നല്കിയിട്ടുണ്ട്. 1.4.16മുതൽ 30.11.19വരെയുള്ള 44മാസത്തെ വാടക പ്രതിമാസം 265/-രൂപ നിരക്കിലാണ് അനുവദിച്ചിരിക്കുന്നത്.കെട്ടിടത്തിന്റെ വാടക കരാർ പരിശോധിച്ചതിൽ കരാറിൽ തീയതി പരാമർശിച്ചിട്ടില്ലെന്നു കാണുന്നു. ഏതൊരു കരാറിന്റേയും അടിസ്ഥാനം സമയമാണെന്നിരിക്കെ, കരാർ തീയതി പരാമർശിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതാണ്.കരാറിൽ സമയം രേഖപ്പെടുത്തിയിട്ടില്ലെങ്കിലും കരാർ വച്ച മുദ്ര പേപ്പർ വാങ്ങിയത് 13.6.17 തീയതിയിലാണെന്ന് കാണുന്നു. ഇത് പ്രകാരം 30മാസത്തെ വാടക മാത്രമാണ് നല്കാനുള്ളത്.14മാസത്തെ വാടക7950/-രൂപ അധികം നല്കിയിട്ടുണ്ട്

കൂടാതെ , വാടക യഥാസമയം നല്കാതെ വർഷങ്ങൾ മുമ്പുള്ളവ ഒരുമിച്ച് നല്കേണ്ട അവസ്ഥ വന്നതിന് കാരണം വിശമാക്കേണ്ടതാണ്. ഇപ്രകാരം നല്കുമ്പോൾ മതിയായ തുക ഈ ഇനത്തിൽ ബജറ്റിൽ വകയിരുത്തിയോയെന്നും വ്യക്തമല്ല.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.ആകയാൽ ആകെ ചെലവ് തുക 11660/-രൂപ തടസ്സപ്പെടുത്തുന്നു.വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 25.02.2022-26.02.2022 | ഈ റിപ്പോർട്ടിന്റെ ഭാഗമായി പുറപ്പെടുവിച്ചു |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-തോടന്നൂർ | 2019-20 | 500000/- | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 500000/- | 0 |
| | 2019-20 | 314400/- | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 314400/- | 0 |
| | 2019-20 | 300000/- | നെൽകൃഷിക്ക് കൂലിചെലവ് | 300000/- | 0 |
| | 2019-20 | 300000/- | ലൈഫ് ഭവനപദ്ധതി-എസ്സ്.സി | 300000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 314400/- | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 314400/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 189775 മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ആയഞ്ചേരി ഫാമിലി ഹെൽത്ത് സെന്റർ -ത്രീ ഫേസ് കണക്ഷൻ | 16/22.06.2019 | 189775 | 0 | 189775 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1280000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി വായ്പ | ജി.ഒ(എം.എസ്) 2278/തസ്വഭവ | 1280000/- | 4960000/- | 500000/- | --- | 57,40000 |

## 4-6 സ്ഥിര നിക്ഷേപം

-ഇല്ല-

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.1.74 | മൃഗസംരക്ഷണം നീക്കിവെക്കുന്ന തുകകൾ പരിമിതം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.3.78 | മൃഗസംരക്ഷണ പദ്ധതികൾ നാമമാത്രം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.9.94 | മൃഗാശുപത്രികളിൽ മരുന്ന് | തടസ്സം തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | അപര്യാപതം | |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.12.100 | കർഷകർക്ക് പരിശീലനം നൽകിയില്ല. | തടസ്സം തുടരുന്നു. |
| | | | 5.7.12.100 | ഗോരക്ഷാ ക്യാമ്പുകൾ നടത്തിയിട്ടില്ല. | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.12.101 | സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിലെ കാലതാമസം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.12.105 | കാലിത്തീറ്റയുടെ ഗുണ നിലവാരം പരിശോധിക്കുന്നില്ല. | തടസ്സം തുടരുന്നു. |
| 2015-16 | 2-6 | 2016-17 | അനുബന്ധം-5.210 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു. |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

-ഇല്ല-

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54073969 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48528680 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1323498 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| -ഇല്ല- | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 960163 | ശ്രീമതി വിജയലക്ഷ്മി സി എച്ച് , കൃഷി ഓഫീസർ |
| | | ആതിര ,കൃഷി ഓഫീസർ |
| | | അനില എം.എ,കൃഷി ഓഫീസർ |
| 1-14 | 334330 | ശ്രീ.പി.രാജീവ് , സെക്രട്ടറി |
| 1-21 | 17345 | ഡോ.വിജിത്,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 1-25 | 11660 | ഡോ.ലിനൂപ് ,വെറ്ററിനറി സർജൻ |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി വിജയലക്ഷ്മി സി എച്ച് , കൃഷി ഓഫീസർ | ലഭ്യമല്ല | ലഭ്യമല്ല |
| ആതിര ,കൃഷി ഓഫീസർ | ലഭ്യമല്ല | ലഭ്യമല്ല |
| അനില എം.എ,കൃഷി ഓഫീസർ | ലഭ്യമല്ല | മുളക്കൽ ,പി.ഒ.വാക, തൃശ്ശൂർ |

| | | |
|---|---|---|
| ശ്രീ.പി.രാജീവ് , സെക്രട്ടറി | ചാത്തമംഗലം ഗ്രാമപഞ്ചായത്ത് | പുളിപ്പറമ്പിൽ, മാവൂർ, കോഴിക്കോട് |
| ഡോ.ലിനൂപ് ,വെറ്ററിനറി സർജൻ | ലഭ്യമല്ല | ശ്രീപാദം, വള്ളിക്കുന്നമ്മൽ, ഉണ്ണികുളം പി.ഒ, കോഴിക്കോട് ജില്ല |
| ഡോ.വിജിത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി ആയഞ്ചേരി | മീത്തലെ ചെട്ട്യാങ്കണ്ടി, നടക്ക താഴെ പി.ഒ, കുറുമ്പയിൽ,വടകര |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1992-93& 1993-94 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 2 | 15,17 |
| 1994-95 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 2 | 16,17 |
| 1995-96 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 4 | 11,12-3,14,15 |
| 1996-97 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 1 | 26 |
| 1997-98 | എൽ.എഫ് /കെകെഡി/ പി5/1893/ | 7 | |

| | | | |
|---|---|---|---|
| | 2013/30.01.2014 | | |
| 1998-99 | കെ.എസ്.എ /കെകെഡി/ പി5/1416/ 2018(4)/13.05.2019 | 2 | 37,39 |
| 1999-00 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 7 | 21,31ഡി, 35,36, 37,38,39 |
| 2002-03 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 2 | 3-1,3-4 |
| 2003-04 | എൽ.എഫ് /കെകെഡി/ പി5/1893/ 2013/30.01.2014 | 3 | 2-3,3-3,3-5 |
| 2004-05 | എൽ.എഫ് /കെകെഡി/ പി5/1893/ 2013/30.01.2014 | 7 | 2-1(3,4),2-2, 3-1, 3-2,3-3, 3-4 |
| 2005-06 | എൽ.എഫ് /കെകെഡി/ പി5/1893/ 2013/30.01.2014 | 9 | 3-1,3-2,3-4,3-5, 3-6,3-7,3-8(2,3) |
| 2006-07 | എൽ.എഫ് /കെകെഡി/ പി5/1893/ 2013/30.01.2014 | 9 | 2-5,3-3,3-4,3-5, 3-6, 3-7,3-9, 3-10 |
| 2008-09& 2009-10 | എൽ.എഫ് /കെകെഡി/ പി5/1018/ 2012/16.07.2012 | 16 | 3-2(1-4), 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13 |
| 2010-11& 2011-12 | എൽ.എഫ് /കെകെഡി/ പി5/1893/ 2013/30.01.2014 | 9 | 2-2,3-2,3-5(1), 3-7, 3-12, 3-13, 3-15, 3-16, 3-17, 3-19, 3-20 |
| 2012-13& 13-14 | കെ.എസ്.എ/കെ.കെ.ഡി/ പി5/877(1)/2015/13.1.2016 | 31 | 2-1,2-2,2-3, 3-1, 3-3 മുതൽ 3-15 വരെ, 3-17,3-18 മുതൽ 3-29 വരെ, 3-31 |
| 2014-15 | കെ.എസ്.എ/കെ.കെ.ഡി /പി5/1128/ 16/6.05.2017 | 6 | 2-2,3-1,3-3, 3-4, 3-5, 3-6 |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ/കെ.കെ.ഡി /പി5/50/ 2017/3.01.2018 | 27 | 2-1,2-2, 2-3, 2-4,2-5(1-6), 2-6 (1-4), 2-8(1-2), 3-1,3-3, 3-5, 3-6, 3-7, 3-8,3-9, 3-10, 3-11, 3-14, 3-17,3-18 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/ പി5/112/ 2017/27.03.2018 | 13 | 2-1,2-2, 2-4(1), 2-4(2), 3-2,3-3, 3-4, 3-6, 3-7, 3-8,3-9,3-10, 3-11 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/ പി5/2754/ 2018/18.01.2019 | 21 | 1-12,2-2,2-3, 2-4,2-5, 3-1, 3-2,3-3,3-4,3-5, 3-6,3-7,3-8, 3-9,3-10, 3-11,3-12,3-13, 3-14,3-15,3-16 |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി/ പി10/627/ 2020/23.09.2020 | 32 | 1.11(1) മുതൽ 1-11(8) വരെ, 1-11(12) മുതൽ 1-11(14)വരെ, 1-12.1(1), 1-12.1(3), 1-12.1,1-12.2, 1-12.3,1-13.1, 1-13.3,1-13.4, 1-13.5,1-13.6, 1-13.7,1-13.8, 1-13.9,1-13.10, 1-13.11,1-13.12, 1-13.13,1-13.15, 1-13.18,1-13.19, 1-13.20,1-13.21, 1-13.22, 1-13.23 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്